**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4873** **20-07-2022 - ൽ മറുപടിയ്ക്ക്**

**തമ്മാനിമറ്റം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ പൂതൃക്ക ഗ്രാമപഞ്ചായത്തിലെ തമ്മാനിമറ്റം ടൂറിസം പദ്ധതിക്ക് അനുമതി നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. തമ്മാനിമറ്റം നദീതീര സൗന്ദര്യ വൽക്കരണ പദ്ധതിക്കായി തയാറാക്കിയ വിശദ പദ്ധതി റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേഖലയിലെ വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ച് റിപ്പോർട്ട് നൽകാൻ ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെട്ടിരുന്നു. ഈ സ്ഥലത്ത് 2013ൽ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി (KEL) സ്ഥാപിച്ച തൂക്കുപാലം 2018ലെ പ്രളയത്തിൽ തകർന്നു പോയതിനാൽ**<br><br>**റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായി ഇതു പുനഃസ്ഥാപിക്കാനായി മണ്ണ് പര്യവേക്ഷണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 2.50 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണെന്നും ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളപ്പൊക്ക സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും ഇറിഗേഷൻ ഡിവിഷൻ അറിയിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിക്കായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | **ഉണ്ട്. തമ്മാനിമറ്റം നദീതീര സൗന്ദര്യ വൽക്കരണ പദ്ധതിക്കായി തയാറാക്കിയ വിശദ പദ്ധതി റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേഖലയിലെ വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ച് റിപ്പോർട്ട് നൽകാൻ ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെട്ടിരുന്നു. ഈ സ്ഥലത്ത് 2013ൽ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി (KEL) സ്ഥാപിച്ച തൂക്കുപാലം 2018ലെ പ്രളയത്തിൽ തകർന്നു പോയതിനാൽ**<br><br>**റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായി ഇതു പുനഃസ്ഥാപിക്കാനായി മണ്ണ് പര്യവേക്ഷണം** |

| | | | |
|---|---|---|---|
| | | | **ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 2.50 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണെന്നും ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളപ്പൊക്ക സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും ഇറിഗേഷൻ ഡിവിഷൻ അറിയിച്ചിട്ടുണ്ട്.** |
| (സി) | തമ്മാനിമറ്റം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) | **വെള്ളപ്പൊക്ക സാധ്യത സംബന്ധിച്ച പഠന റിപ്പോർട്ട് ജലവിഭവ വകുപ്പിൽ നിന്നു ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ